LIBRARY ARCHIVES Kerala Legislative Assembly

## പെട്രോൾ-ഡീസൽ എന്നിവയുടെ അധിക നികുതിമൂലം ഖജനാവിലെ അധിക വരുമാനം

**191 (536)** ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ഒരു രൂപ അധിക നികുതി ഏർപ്പെടുത്തിയതുവഴി സർക്കാരിന് നാളിതുവരെ ഓരോ മാസവും എത്ര തുക ലഭിച്ചുവെന്ന് അറിയിക്കുമോ ;

(ബി) ഈ അധിക നികുതിയിലൂടെ ഓരോ സാമ്പത്തിക വർഷവും എത്ര തുക സർക്കാരിന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) ഈ തുക ഉപയോഗിച്ച് ഭവന നിർമ്മാണപദ്ധതി ആരംഭിക്കുകയുണ്ടായോ ; എങ്കിൽ എത്ര വീടുകൾ നൽകിയെന്നും ഓരോ വീടിനും എത്ര രൂപയാണ് നൽകുന്നത് എന്നും ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡമെന്താണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ഒരു രൂപാ അധിക നികുതി ഏർപ്പെടുത്തിയതുവഴി 2015 ഏപ്രിൽ മാസത്തിൽ 34.42 കോടി രൂപയും 2015 മേയ് മാസത്തിൽ 38.86 കോടി രൂപയും ലഭിച്ചു.

(ബി) ഈ അധിക നികുതിയിലൂടെ 375 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

(സി) ഭവന നിർമ്മാണ പദ്ധതി ആരംഭിച്ചിട്ടില്ല.

## ചെക്ക്പോസ്റ്റുകളിലെ നികുതി ചോർച്ച

**192 (537)** ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തിൽ സംസ്ഥാനത്തെ വിവിധ വാണിജ്യ നികുതി ചെക്കുപോസ്റ്റുകളിൽനിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതിയിനത്തിലെ വരുമാനത്തിൽ എത്ര രൂപയുടെ ചോർച്ചയാണ് വാണിജ്യ നികുതി ഇന്റലിജൻസ് കണ്ടെത്തിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ചെക്ക്പോസ്റ്റുകളിൽ നടക്കുന്ന അഴിമതിയുടെ ഭാഗമായിട്ടാണോ ഇത്തരത്തിൽ നികുതി ചോർച്ച ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) നികുതി ചോർച്ച തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിനകത്തേക്കും പുറത്തേക്കും വരികയും പോവുകയും ചെയ്യുന്ന സാധനങ്ങളുടെ വിവരശേഖരമാണ് ചെക്ക്പോസ്റ്റിന്റെ പ്രധാന ദൗത്യം. ഇതോടൊപ്പം നിയമപരമായ രേഖകളില്ലാതെ കൊണ്ടുവരുന്ന ചരക്കുകളിന്മേൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുകയും മുൻകൂർ നികുതിയുള്ള സാധനങ്ങളിന്മേൽ advance tax പിരിക്കുകയും ചെയ്യുന്നുണ്ട്. ഇതിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി 2014-15 സാമ്പത്തിക വർഷത്തിൽ വിവിധ വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗം ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് നടത്തിയ പരിശോധനയിൽ വാണിജ്യ നികുതി നിയമം അനുശാസിക്കുന്ന മതിയായ രേഖകൾ ഇല്ലാതെയും രേഖകളിലെ തെറ്റുകൾ നിമിത്തവും ജാമ്യത്തുക, പിഴ എന്നീയിനങ്ങളിൽ 4.97 കോടി രൂപ ഈടാക്കിയിട്ടുണ്ട്.

(ബി&സി) ചെക്ക് പോസ്റ്റുകളിൽ മുൻകൂർ നികുതി അല്ലാതെ മറ്റ് നികുതികൾ പിരിക്കുന്നില്ല. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് പരീക്ഷണാടിസ്ഥാനത്തിൽ അമരവിളയിൽ ഇതിനകം നടപ്പിലാക്കി. ഇത് ബാക്കിയുള്ള അതിർത്തി ചെക്ക്പോസ്റ്റുകളിൽ താമസിയാതെ നടപ്പിലാക്കും. സി.സി.ടി.വി. ക്യാമറ സംവിധാനം എല്ലാ അതിർത്തി ചെക്ക്പോസ്റ്റുകളിലും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിനകത്തേക്കുവരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതുപ്രകാരം സംസ്ഥാനത്തിനകത്തേക്ക് വരുന്ന സാധനങ്ങൾ വ്യാപാരികൾ അവരുടെ റിട്ടേണിൽ കാണിച്ചിട്ടുണ്ടോ എന്നുള്ളത് പെട്ടെന്ന് ഒത്തുനോക്കാൻ കഴിയും.

ചെക്ക്പോസ്റ്റിലെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം ചെക്ക്പോസ്റ്റ് ടേക്ക് ഓവർ, ഓവർചെക്കിംഗ് എന്നിവ സമയബന്ധിതമായി നടത്തുന്നുണ്ട്.

ഇതിന്റെ പ്രവർത്തന പുരോഗതി ഉന്നത ഉദ്യോഗസ്ഥരുടെ പ്രതിമാസ കോൺഫറൻസിൽ വിശദമായി പരിശോധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ചെക്ക്പോസ്റ്റുകളുടേയും വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗത്തിന്റേയും പ്രവർത്തനം സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുകയും തദ്വാര നികുതി വെട്ടിപ്പ് പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ചെക്ക്പോസ്റ്റിൽ അഴിമതി കാട്ടിയെന്നു പ്രഥമദൃഷ്ട്യാ തെളിവ് ലഭിക്കുന്ന കേസ്സുകളിൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നു.

നികുതി വെട്ടിപ്പ് പ്രകടമായി അനുഭവപ്പെടുന്ന സെക്ടറുകളിൽ ഇന്റലിജൻസ് വിംഗ് വിശദാംശങ്ങൾ ശേഖരിച്ചശേഷം കട പരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇന്റലിജൻസ് വിംഗിനോട് കട പരിശോധനയുമായി ബന്ധപ്പെട്ട ക്രൈം ഫയലുകൾ പെട്ടെന്ന് തീർപ്പാക്കി അസസ്സ്മെന്റ് വിംഗിന് നൽകാൻ നിർദ്ദേശം നൽകി. ടെയിൻ, ലക്ഷ്വറി ബസ് എന്നിവയിലൂടെയുള്ള അനധികൃത ചരക്ക് വ്യാപനം ഫലപ്രദമായി തടയുന്നതിനായി ഈ മേഖലയിൽ പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്.

**ആറനാട് സബ്ട്രഷറിക്ക് കെട്ടിടം**

**193 (538)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറനാട് സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിച്ചിട്ടും ഭരണാനുമതി ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ട്രഷറി ഡയറക്ടറേറ്റിൽനിന്നും ധനകാര്യവകുപ്പിന് റിപ്പോർട്ട് നൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അടിയന്തരമായി റിപ്പോർട്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) ട്രഷറി കെട്ടിടനിർമ്മാണത്തിന് ധനകാര്യവകുപ്പിന്റെ ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) ഇല്ലെങ്കിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) ആറനാട് സബ്ട്രഷറി നിർമ്മാണത്തിന്റെ ഭരണപരമായ

LIBRARY ARCHIVES Kerala Legislative Assembly